**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1699** **13-02-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വെസ്റ്റ് ഹിൽ ഗവൺമെന്റ് പോളിടെക്നിക്കൽ കോളേജിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് വെസ്റ്റ് ഹിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ വികസനത്തിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിലെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, നിലവിൽ എഞ്ചിനീയറിംഗ് കോളേജ് നിൽക്കുന്ന സ്ഥലത്ത് കോഴിക്കോട് സർക്കാർ പോളിടെക്നിക് കോളേജ്, കോഴിക്കോട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ എന്നിവ ഏകോപിപ്പിച്ച് ഒരു ടെക്നിക്കൽ എഡ്യൂക്കേഷൻ ഹബ്ബായി മാറ്റുന്നതിനുള്ള നടപടികൾ ആലോചിക്കാമെന്ന് തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ എഡ്യൂക്കേഷൻ ഹബ്ബാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വെസ്റ്റ് ഹിൽ ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജ്, ഗവൺമെന്റ് പോളിടെക്നിക്കൽ കോളേജ്, ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ എന്നിവ നിലനിൽക്കുന്ന സ്ഥലം ഉൾപ്പെടുത്തി കോഴിക്കോട് സാങ്കേതികവിദ്യാലയ സമുച്ചയം നിർമ്മിക്കുന്ന വിഷയം പരിഗണിക്കുമോ? | (ബി) | കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിലെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, നിലവിൽ എഞ്ചിനീയറിംഗ് കോളേജ് നിൽക്കുന്ന സ്ഥലത്ത് കോഴിക്കോട് സർക്കാർ പോളിടെക്നിക് കോളേജ്, കോഴിക്കോട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ എന്നിവ ഏകോപിപ്പിച്ച് ഒരു ടെക്നിക്കൽ എഡ്യൂക്കേഷൻ ഹബ്ബായി മാറ്റുന്നതിനുള്ള നടപടികൾ ആലോചിക്കാമെന്ന് തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ എഡ്യൂക്കേഷൻ ഹബ്ബാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ